നമ്പർ. EB2/42280/14/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 07.04.2017

# സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സ്കിൽഡ് അസിസ്റ്റന്റ് / വർക്ക്ഷോപ്പ് അറ്റൻഡർ- തസ്തികകളിലെ ജീവനക്കാർക്കുള്ള കോമ്പൻസേറ്ററി അലവൻസ് - സംബന്ധിച്ച്.

സൂചന :- (1) സ:ഉ: (എം.എസ്). 352/2014/(99)/ധന. തീയതി 21/08/2014

(2) സർക്കാർ കത്ത് നമ്പർ :എൽ 1/27/2015/ഉ.വി.വാ. തീയതി 15/11/2016 & 14/03/2017

തിരുവനന്തപുരം സെൻട്രൽ പോളിടെക്ക്നിക്ക് കോളേജിലെയും, കണ്ണൂർ, പെരിന്തൽമണ്ണ, കോട്ടയം, എന്നിവിടങ്ങളിലെ സർക്കാർ പോളിടെക്ക്നിക്ക് കോളേജുകളിലെയും, സ്കിൽഡ് അസിസ്റ്റന്റ് /അറ്റൻഡർ എന്നീ തസ്തികകൾക്ക് അനുവദിച്ചിട്ടുണ്ടായിരുന്ന കോമ്പൻസേറ്ററി അലവൻസ് സംസ്ഥനത്തെ എല്ലാ പോളിടെക്ക്നിക്കുകളിലേക്കും ബാധകമാക്കിക്കൊണ്ട് സൂചന (1)പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മേൽ പരാമർശ തസ്തികകൾ ഇപ്പോൾ വകുപ്പിൽ നിലവിലില്ല. സ്കിൽഡ് അസിസ്റ്റന്റ് തസ്തിക ട്രേഡ് ഇൻസ്ട്രക്ടർ എന്നും, വർക്ക്ഷോപ്പ് അറ്റൻഡർ തസ്തിക ട്രേഡ്സ്മാൻ എന്നും യഥാക്രമം 1989, 1990 വർഷങ്ങളിൽ പുനർ നാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ പരാമർശ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച കോമ്പൻസേറ്ററി അലവൻസിന് വകുപ്പിലെ പോളിടെക്ക്നിക്കുകളിൽ ജോലി ചെയ്യുന്ന ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികയിലുള്ളവർക്ക് അർഹതയുണ്ടോയെന്നത് സംബന്ധിച്ച സംശയം നിലനിന്നിരുന്നു. ആകയാൽ ഈ വിഷയം സംബന്ധിച്ച സ്പഷ്ടീകരണത്തിനായി സർക്കാരിനെയും, ശമ്പള പരിഷ്കരണ കമ്മീഷനെയും സമീപിച്ച് ആശയ വിനിമയം നടത്തിവരികയുമായിരുന്നു. മേൽ പരാമർശ സർക്കാർ ഉത്തരവിലെ സ്കിൽഡ് അസിസ്റ്റന്റ്/വർക്ക്ഷോപ്പ് അറ്റൻഡർ എന്ന തസ്തികാ നാമം, ട്രേഡ് ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ എന്ന ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാരിനോട് അഭ്യർഥിച്ചിരുന്നു.

എന്നാൽ 20/01/2016-ൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്നുവെന്നും, അതുകൊണ്ടുതന്നെ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിനെ തുടർന്ന് പുറത്തിറങ്ങിയ, മേൽ സൂചന (1) ലെ സർക്കാർ ഉത്തരവിലെ തസ്തിക നാമ ഭേദഗതിക്ക് ഇപ്പോൾ പ്രസക്തിയില്ലായെന്നും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ട്രേഡ് ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ തസ്തികയിലുള്ളവർക്ക് കോമ്പൻ സേറ്ററി അലവൻസ് അനുവദിച്ചിട്ടില്ലായെന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി. മാത്രമല്ല ഈ അവ്യക്തത നിലനിൽക്കുന്ന വേളയിൽ ഏതെങ്കിലും സ്ഥാപനങ്ങളിലെ ട്രേഡ് ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ തസ്തികയിലുള്ളവർക്ക് ചട്ടവിരുദ്ധമായി കോമ്പൻസേറ്ററി അലവൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ പിടിക്കേണ്ടതാണെന്നും മേൽ സൂചന (2) പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു.

ആകയാൽ മേൽ സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കോമ്പൻ സേറ്ററി അലവൻസ് ട്രേഡ് ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ തസ്തികയിലുള്ളവർക്ക് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് അടിയന്തിരമായി തിരികെ പിടിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ സ്ഥാപന മേലധികാരികളോട് നിർദ്ദേശിക്കുന്നു.

-ഒപ്പ്-
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾക്ക. (വെബ്സൈറ്റ് മുഖേന)..
3. ആഡിറ്റ് സൂപ്രണ്ട് (ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ പരിശോധന വേളയിൽ പേ ബിൽ, രജിസ്റ്ററുകൾ പരിശോധിച്ച ഈ അലവൻസ് നൽകിയിട്ടില്ലായെന്ന ഉറപ്പാക്കേണ്ടതും, നൽകിയിട്ടുണ്ടെങ്കിൽ ഈ സർക്കുലർ പ്രകാരം ആയത് തിരികെ പിടിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവ്, സർക്കാർ കത്ത് എന്നിവയുടെ പകർപ്പും ഇതോടൊപ്പം നല്കുന്നു.)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്